**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 497** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്ത് വിദേശ നിക്ഷേപം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ സമ്പദ് മേഖലയുടെ ഉത്തേജനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി നേരിട്ടുള്ള വിദേശ നിക്ഷേപം ആകർഷിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി ആഗോള നിക്ഷേപക സംഗമങ്ങളിലും വ്യാപാര പ്രദർശനങ്ങളിലും പങ്കെടുത്തു വരുന്നു. ഇതിലൂടെ സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദ അന്തരീക്ഷം ആഗോള നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിനും കൂടുതൽ വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. മുൻഗണനാ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിക്ഷേപ സബ്സിഡി, സംസ്ഥാന ചരക്ക് സേവന നികുതി (SGST) റീഇംബേഴ്സ്മെന്റ്, വൈദ്യുതി തീരുവ ഇളവ്, തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനം, വായ്പാ പലിശ സബ്സിഡി, കയറ്റുമതി പ്രോത്സാഹനം, ഗുണനിലവാര സർട്ടിഫിക്കേഷൻ, സാങ്കേതിക നവീകരണം, സുസ്ഥിര വ്യവസായവൽക്കരണം തുടങ്ങിയ ആനുകൂല്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSIDC), കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KINFRA), വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവ മുഖേന നിക്ഷേപ സൗകര്യവൽക്കരണവും വ്യവസായ അടിസ്ഥാന സൗകര്യ വികസനവും സാമ്പത്തിക സഹായവും സംരംഭകർക്കുള്ള മാർഗനിർദ്ദേശവും നടപ്പിലാക്കി വരുന്നു.

**(ബി)** നേരിട്ടുള്ള വിദേശ നിക്ഷേപം ഏതെല്ലാം മേഖലകളിൽ കൊണ്ടുവരുന്നതിനാണ് ഊന്നൽ നൽകുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, ആരോഗ്യരംഗം, ജൈവസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, ലോജിസ്റ്റിക്സ്, വിനോദസഞ്ചാരം, നവീന സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ നിക്ഷേപ സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്.

**(സി)** ഇത്തരം നിക്ഷേപ പദ്ധതികളിൽ ഗ്രാമീണ മേഖലയെ കൂടി ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്.

കേരളത്തിലെ ഗ്രാമ-നഗര തുടർച്ചയും (rural-urban continuum) മെച്ചപ്പെട്ട റോഡ്-ഡിജിറ്റൽ കണക്റ്റിവിറ്റിയും നൈപുണ്യമുള്ള മനുഷ്യവിഭവശേഷിയും പ്രയോജനപ്പെടുത്തി വ്യവസായ നിക്ഷേപങ്ങളുടെ നേട്ടങ്ങൾ ഗ്രാമീണ മേഖലയിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കിൻഫ്ര–കെ.എസ്.ഐ.ഡി.സി വ്യവസായ പാർക്കുകൾ, സ്വകാര്യ വ്യവസായ പാർക്കുകൾ, ക്യാമ്പസ് വ്യവസായ പാർക്കുകൾ എന്നിവ നഗരപരിധിക്ക് അടുത്തുള്ളതോ പുറത്തുള്ളതോ ആയ പ്രദേശങ്ങളിൽ വികസിപ്പിക്കുന്നു. കൂടാതെ, പ്രാദേശിക വിഭവാധിഷ്ഠിത, വ്യവസായങ്ങൾക്കും MSME-കൾക്കും പ്രോത്സാഹനം നൽകുന്നു. 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' പദ്ധതി, ഗ്രാമപഞ്ചായത്തുകളിൽ സംരംഭകത്വ വികസന എക്സിക്യൂട്ടീവുമാരുടെ നിയമനം, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ ഓഫീസുകൾ, ഏകജാലക സംവിധാനം എന്നിവ മുഖേന ഗ്രാമീണ സംരംഭകർക്ക് ആവശ്യമായ സഹായവും മാർഗനിർദ്ദേശവും ലഭ്യമാക്കുന്നു. ഇതിലൂടെ ഗ്രാമീണ തൊഴിലവസരങ്ങളും പ്രാദേശിക സാമ്പത്തിക വികസനവും പ്രോത്സാഹിപ്പിക്കുന്നു.

**സെക്ഷൻ ഓഫീസർ**